**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7757 - 23/07/2012-ലെ മറുപടിക്ക്**

**സംസ്ഥാനത്തിന്റെ കടബാധ്യത**

**ചോദ്യം**

**ശ്രീമതി. കെ.എസ്.സലീഖ**

**ഉത്തരം**
**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യത എത്ര കോടിരൂപയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) 31.03.2011 വരെയുള്ള സംസ്ഥാനത്തിന്റെ കടബാധ്യത 78673.24 കോടി രൂപയായിരുന്നു. |
| (ബി) നിലവിൽ കടബാധ്യത എത്ര കോടി രൂപയായി ഉയർന്നു; ആയതുപ്രകാരം ഇപ്പോൾ സംസ്ഥാനത്തിലെ ഓരോ വ്യക്തിയുടെയും കടബാധ്യത എത്രയെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31.05.2012 വരെ സംസ്ഥാനത്തിന്റെ കടബാധ്യത 87063.83 കോടി രൂപയാണ്. ഇതുപ്രകാരം 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ആളോഹരി കടബാധ്യത 26067 രൂപയാണ്. |
| (സി) ഇതിൽ കേന്ദ്രത്തിലെ വിവിധ മന്ത്രാലയങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ള കടം എത്ര കോടിരൂപയാണ്; ഇതിൽ എത്ര കോടി രൂപ എഴുതിത്തള്ളണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്; വിശദമാക്കുമോ; | (സി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31.05.2012 വരെ കേന്ദ്ര സർക്കാരിൽ നിന്നും 6453.31 കോടി രൂപ വായ്പയായിയെടുത്തിട്ടുണ്ട്. ഇതിൽ 12-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കൺസോളിഡേറ്റ് ചെയ്തു നൽകിയ കേന്ദ്ര ലോണിൽ 31.03.2011 വരെ ബാക്കി നില്പുണ്ടായിരുന്ന 2924 കോടി രൂപ എഴുതിതള്ളുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തെ ഇപ്രകാരമുള്ള വമ്പിച്ച കടബാധ്യത കുറയ്ക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാനത്തിന്റെ കടത്തിന്റെ തിരിച്ചടവിനായി കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ട് രൂപീകരിച്ച് അതിലേക്ക് നിക്ഷേപം നടത്തിവരുന്നു. പ്രസ്തുത ഫണ്ടിലെ നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം വിനിയോഗിച്ച് ഉയർന്ന പലിശയുള്ള ലോണുകൾ മുൻകൂറായി ക്ലോസ് ചെയ്യാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. നിയന്ത്രിതമായ കടമെടുപ്പിലൂടെ സംസ്ഥാനത്തിന്റെ കടബാധ്യതയുടെ വളർച്ച ക്രമമായി കുറച്ചുകൊണ്ടുവരാനും സർക്കാർ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ.